## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :608** **03.03.2020-ൽ മറുപടിക്ക്**

## ധനകാര്യ ആക്ടിലെ ഭേദഗതി

**ചോദ്യം** **മറുപടി**

**ശ്രീ.സണ്ണി ജോസഫ്** **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2006 ലെ ധനകാര്യ ആക്ടിൽ ആദായനികുതി നിയമത്തിലെ 80 (പി) ഭേദഗതി ചെയ്ത് 01.04.2007 മുതൽ നാലാം ഉപവകുപ്പ് കൂട്ടിചേർത്തത് സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ എപ്രകാരമാണ് ബാധിച്ചത്; വിശദാംശം നൽകുമോ; | (എ) | റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരം ആദായനികുതി ഇളവ് അനുവദനീയമായിരുന്നു. എന്നാൽ 2006 ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 പി ഭേദഗതി ചെയ്ത് 01.04.2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയ പ്രകാരം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 പി അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകംടാക്സ് വകുപ്പിന്റെ 20.09.2010 ലെ 6/2010 (F No.173(3)/44/2009-IT (A-I) സർക്കുലർ പ്രകാരം ആദായനികുതി വകുപ്പ് നിർദ്ദേശം നൽകുകയുണ്ടായി. ഇതേ തുടർന്ന് സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്.), പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾ/ സംഘങ്ങൾക്ക് അന്നുവരെ ലഭ്യമായി കൊണ്ടിരുന്ന ആദായനികുതി ഇളവ് നിർത്തലാക്കുക |

| | | | |
|---|---|---|---|
| | | | യുണ്ടായി. മേൽ പരാമർശിച്ച് ഫിനാൻസ് ആക്ട് ഭേദഗതി മുഖേന സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് 01/04/2007 മുതൽ മുമ്പ് ലഭ്യമായിരുന്ന ആദായനികുതി ഇളവുകൾ നിഷേധിക്കപ്പെട്ടു. ഇത്തരത്തിൽ ആദായനികുതി ഇളവുകൾ നഷ്ടപ്പെട്ട തുമൂലം സംഘങ്ങളിലെ/ ബാങ്കുകളിലെ അംഗങ്ങൾക്ക് ലഭിക്കുന്ന ലാഭവിഹിത ത്തിൽ കുറവ് വരുകയും ലാഭത്തിൽ നിന്നും വകമാറ്റുന്ന മറ്റു ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ചെയ്യും. കൂടാതെ സഹകരണ സംഘങ്ങളിലെ ഭൂരിഭാഗം നിക്ഷേപകരും സാധാരണക്കാരാണ്. നിക്ഷേപങ്ങൾക്ക് ആദായനികുതി നൽകേണ്ടി വരുമെന്ന ആദായനികുതി വകുപ്പിന്റെ നിലപാട് ബാങ്കിന് നിക്ഷേപ കരെ നഷ്ടപ്പെടുത്തുന്നതിന് കാരണമാകും. അത് സഹകരണ ബാങ്കുകളുടെ പ്രവർത്തനമൂലധനത്തേയും നിക്ഷേപ ത്തേയും പ്രവർത്തനത്തേയും ദോഷകര മായി ബാധിക്കും. |
| (ബി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ഇതിൽ ഇളവ് നൽകണമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് അറിയിക്കാമോ? | (ബി) | സംഘങ്ങളുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി ടി വിഷയം എം.പി.മാരുടെ സമ്മേളനത്തിൽ ശ്രദ്ധയിൽകൊണ്ടു വരുകയുണ്ടായിട്ടുണ്ട്. സഹകരണമേഖല യുടെ നിലനിൽപ്പിനെ ബാധിക്കുന്ന താകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായ നികുതി ഇളവ് ലഭ്യമാക്കുന്നതിന് 02.07.2018 ലും 17.08.2019 ലും 11.10.2019-ലും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യവകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രി, കേന്ദ്ര കൃഷിവകുപ്പ് മന്ത്രി എന്നിവർക്ക് സഹകരണ വകുപ്പ് മന്ത്രി നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**